# കുഞ്ഞിപ്പള്ളി മാപ്പിള എൽ പി സ്കൂൾ

## തലായി

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

# ആമുഖം

കുഞ്ഞിപ്പള്ളി മാപ്പിള എൽ.പി സ്കൂളിൽ 2025-26 വർഷം ഒന്നാം തരത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളിലേക്ക് എത്തിക്കാൻ വേണ്ടിയുള്ളതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. കുട്ടികളിൽ ഭാഷാപരമായ ശേഷികൾ കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം |
|---|---|---|
| 1 | ചിത്രവായന | ജൂൺ - ജൂലൈ |
| 2 | കുഞ്ഞ് വായനക്കൊരിടം | ജൂൺ - 19 |
| 3 | പ്'[illegible] | ജൂൺ - മാർച്ച് |
| 4 | ഇനി കഥ പറയാം | ജൂൺ - ആഗസ്റ്റ് |
| 5 | സചിത്ര സംയുക്ത ഡയറി | ജൂലൈ - മാർച്ച് |
| 6 | പ്രതിദിന വായനാ പാഠം | ജൂൺ - മാർച്ച് |
| 7 | ഒരു ചുവട് - പ്രിവായന-ക്കായി | ജൂൺ - നവംബർ |
| 8 | അമ്മ വായന | സെപ്തംബർ - ഒക്ടോബർ |
| 9 | കൂട്ടം ചിത്ര വിശേഷം | നവംബർ - മാർച്ച് |
| 10 | ഒരു ദിനം - ഒരു വാർത്ത | ഡിസംബർ - മാർച്ച് |
| 11 | കുഞ്ഞുവായന | ഡിസംബർ - മാർച്ച് |
| 12 | റീഡേഴ്സ് തിയേറ്റർ | ഡിസംബർ - മാർച്ച് |
| 13 | ശലഭോത്സവം | ജനുവരി |
| 14 | സംയുക്ത ഡയറി പ്രകാശനം | ഫെബ്രുവരി |
| 15 | പഠനോത്സവം | മാർച്ച് |

# പ്രവർത്തന ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ആശയ പൂർണ്ണതയോടെ കുട്ടികൾ അവതരിപ്പിക്കുന്നതിന്
- ആത്മവിശ്വാസത്തോടെയുള്ള സ്വതന്ത്ര വായന
- ആശയം ഗ്രഹിച്ച് മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നു.
- സ്വന്തം അനുഭവങ്ങൾ പറയുവാനും എഴുതുവാനും കഴിയുന്നു.
- പദസമ്പത്ത് വർദ്ധിപ്പിക്കുക.
- കുട്ടികൾ വായിച്ചാസ്വദിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- സൂക്ഷ്മ പഠന തന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാകുന്നു.
- കുട്ടികളിലെ പഠന ശൈലികളും കണ്ടെത്താൻ കഴിയുന്നു.

## ചിത്ര വായന

ഭാഷാ പഠനത്തിന്റെ ഇടക്ക പ്രവർത്തനമാണ് ചിത്രവായന. ആദ്യം ചിത്രങ്ങളും പിന്നെ വാക്കുകളും എന്ന ക്രമത്തിൽ അവതരിപ്പിച്ചു കുട്ടിയെ ഭാഷാ പഠനത്തിൽ ആകർഷിക്കുന്നു.

ആദ്യം ചിത്ര കാർഡുകൾ നൽകി കുട്ടികൾ ചിത്രത്തിന്റെ പേര് തെറ്റാതെയും വേഗത്തിലും പറയുന്നു. രണ്ടാം ഘട്ടത്തിൽ ചിത്രവും ചിത്രത്തിന്റെ പേര് അടങ്ങിയ കാർഡ് കുട്ടികളെ-കൊണ്ട് വായിപ്പിക്കുന്നു. തുടർന്ന് കുട്ടികൾ വാക്കുകൾ തിരിച്ചറിഞ്ഞ് വേഗത്തിലും തെറ്റാതെയും വായിക്കുന്നു.

## പാട്ടരങ്ങ്.

കുട്ടിയിൽ താളബോധം രൂപപ്പെടുത്തുന്നതിലൂടെ ഭാഷാപഠനം സുഗമമാകുന്നു. കുട്ടികൾ കവിതകൾ താളത്തോടെയും ആംഗ്യങ്ങളും ചേർത്ത് അവതരിപ്പിക്കുന്നു.

പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ സ്വന്തമായി പഠിക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ഇതു സർഗ ആശയത്തിന് ആസ്വാദ്യതയിൽ വേദിയൊരുക്കുന്നു.

## ഇനി കഥ പറയാം

രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായത്തോടെ ചിത്രത്തിന്റെ ആശയം ഉൾക്കൊണ്ട് കഥകൾ ഭാവനയ്ക്കനുസൃതമായി അവതരിപ്പിക്കുന്നു. കുട്ടിയുടെ ആശയാവതരണശേഷി മെച്ചപ്പെടുന്നു.

കുട്ടികൾക്കു കഥാ ചിത്രങ്ങൾ നൽകുകയും രക്ഷിതാവിന്റെ സഹായത്തോടെ ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

## എന്റെ വായനക്കൊരിടം

ഭാഷാ വികാസത്തിന് സാധ്യത ഒരുക്കുന്ന പ്രവർത്തനമാണിത്. കുട്ടികളെ വായനയിലേക്ക് ആകർഷിക്കാനായി വായനക്കായി ഒരിടം കണ്ടെത്തുന്നു. ഇവിടെ കുട്ടികൾ ആസ്വദിക്കാനും വായിക്കാനും ഇതിലൂടെ അവസരം കിട്ടുന്നു.

## പ്രതിദിന വായനാ പാഠം.

അക്ഷരങ്ങൾ തിരിച്ചറിയുന്നതിനും പുനരനുഭവ സാധ്യത നൽകുന്നതിനും വായനയിലേക്ക് കുട്ടിയെ നയിക്കുന്നതിനുമുള്ള പ്രവർത്തനമാണിത്.

പ്രതിദിന പാഠഭാഗവുമായി ബന്ധപ്പെട്ട അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് നിർമ്മിക്കുന്ന വായനാ സാമഗ്രി കുട്ടികളുടെ വായനാ പുസ്തകത്തിൽ ഒട്ടിക്കുന്നു. വായിക്കുന്നു.

# സംയുക്ത ഡയറി

രക്ഷിതാവിന്റെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ അനായാസം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് സാധ്യമാകുന്നു. വിവിധ നിലവാരക്കാരായ കുട്ടികളെ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കുന്നു.

അന്നന്ന് നടക്കുന്ന കാര്യങ്ങൾ കുട്ടി രക്ഷിതാവുമായി പങ്കുവയ്ക്കുന്നു. കുട്ടിക്ക് ഇഷ്ടമായ അനുഭവം ഒന്നോ രണ്ടോ വാക്യത്തിൽ അമ്മയുടെ സഹായത്തോടെ എഴുതുന്നു. ആദ്യം കുട്ടിക്ക് അറിയാവുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്തെഴുതുന്നു. അറിയാത്ത അക്ഷരങ്ങളും ചിഹ്നങ്ങളും രക്ഷിതാവ് എഴുതിക്കൊടുക്കുന്നു. തുടർന്ന് അമ്മയുടെ എഴുത്ത് ഒഴിവാക്കുകയും കുട്ടികൾ സ്വതന്ത്ര എഴുത്തിലേക്ക് കടക്കുകയും ചെയ്യുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ : കുഞ്ഞിപ്പള്ളി മാപ്പിള . എൽ . പി

ക്ലാസ് : II

ക്ലാസ് ടീച്ചറുടെ പേര് : ഊർമിള . സി . എച്ച്

ഉപജില്ല : തലശ്ശേരി നോർത്ത്

ജില്ല : കണ്ണൂർ .

## ഉള്ളടക്കം


1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാള മധുരം
4. സംയുക്ത ഡയറി-സ്വതന്ത്ര ഡയറി
5. പാട്ടരങ്ങ്
6. സചിത്ര പുസ്തകം
7. റീഡേഴ്സ് തീയേറ്റർ
8. നാട്ടുവിശേഷം കൂട്ടെഴുത്ത്
9. ക്ലാസ് പത്രം
10. രചനോത്സവം
11. വായനോത്സവം

12. ഭാഷോത്സവം

13. ഗണിത കേളികൾ

14. ഗണിത കിറ്റ്

15. പരീക്ഷണങ്ങൾ

16. ചോദ്യപ്പൊതിക്ക്

17. പരീക്ഷണ കിറ്റ്

18. പസിൽ മേള

19. ഭക്ഷ്യമേള

20. പലഹാര മേള.

## 1 ആമുഖം

കുഞ്ഞിമംഗലം മാപ്പിള . എൽ.പി.സ്കൂൾ 2025 - 26 അധ്യയന വർഷം കുട്ടികൾ രണ്ടാം ക്ലാസ്: എ) ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്.ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്.പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേൻമ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## 2 പ്രവർത്തന കലണ്ടർ

ക്രമനമ്പർ - പരിപാടിയുടെ പേര് - നിർവഹണ കാലം

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ-മാർച്ച്
3. സംയുക്ത ഡയറി-ജൂൺ-മാർച്ച്
4. പാട്ടരങ്ങ് - ജൂൺ -മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ -മാർച്ച്
6. റീഡേഴ്സ് തിയേറ്റർ - ജൂലൈ - മാർച്ച്
7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ - മാർച്ച്
8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം

9. രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ

10. വായനോത്സവം - ജൂൺ-മാർച്ച്

11. ഭാഷോത്സവം - ജനുവരി-

12. ഗണിത കേളികൾ - ജൂൺ-മാർച്ച്

13. ഗണിത കിറ്റ് - ജൂൺ-മാർച്ച്

14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം

15. ലഘു പ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം

16. പരീക്ഷണ കിറ്റ് - ജൂൺ-മാർച്ച്

17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ

18. വിജയ സ്പർശം - ജൂൺ - മാർച്ച്

19. പാനീയമേള - ഡിസംബർ

20. ഭക്ഷ്യമേള - ഡിസംബർ

21. പലഹാര മേള - ഡിസംബർ

## 3 : മലയാളം മധുരം

**പ്രവർത്തന ലക്ഷ്യങ്ങൾ**

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

എസ്.ആർ.ജിയിൽ അവലോകനം - മെയ് അവസാനം

സി.പി.ടി.എ.യിൽ അവലോകനം - ജൂൺ ആദ്യവാരം

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ജൂലൈ

വായനോത്സവം - ഓരോ മാസവും;കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം - ഓരോ മാസവും

പുസ്തക പ്രകാശനം - ജനുവരി

**ചുമതലകൾ**

ക്ലാസ് ടീച്ചർ

രക്ഷിതാവ്

**സാമ്പത്തികം** PTA , BRC ( RS : 3000 )

## 4 സംയുക്ത ഡയറി

ലക്ഷ്യപ്രസ്താവനകൾ.

സ്വന്തം അനുഭവങ്ങൾക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്രരചന നടത്തുന്നതിന്

ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം. - ജൂൺ ആദ്യവാരം

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. – ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.(അതാത് മാസം)

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വെക്കുന്നു.

( ജൂൺ - മാർച്ച് വരെ )

- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.( ജനുവരി)

- സംയുക്ത ഡയറി പ്രകാശനം .( ജനുവരി)

- ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ്.

- സാമ്പത്തികം – CPTA ( RS : 2000 )

## 5 പാട്ടരങ്ങ്

### ലക്ഷ്യപ്രസ്താവനകൾ

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.

ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യ വാരം)

പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. (ആഗസ്റ്റ്)

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മുതൽ എല്ലാമാസവും ബാലസഭയിൽ

ചുമതല -ക്ലാസ് ടീച്ചർ , രക്ഷിതാവ്

സാമ്പത്തികം – BRC ( RS : 1000 )

## 6 സചിത്ര പുസ്തകം.

ലക്ഷ്യപ്രസ്താവനകൾ -

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠ ഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

- കുട്ടിക്ക സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു.

- പ്രവർത്തനങ്ങളിൽ പരിസര പഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പു വരുത്തുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. മെയ്

- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ 3 യൂണിറ്റുകൾ

( ജൂൺ )

- ഏകദിന രക്ഷാകർതൃ ശില്പശാല സംഘടിപ്പിക്കുന്നു ( ജൂൺ)- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃയോഗങ്ങൾ, വിലയിരുത്തൽ ( എല്ലാ മാസവും )- ഭാഷോത്സവത്തിൽ സചിത്ര ബുക്കുകൾ അവതരിപ്പിക്കൽ ( മാർച്ച് ) - ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ് -

സാമ്പത്തികം CPTA ( RS : 5000 )

## 7 റീഡേഴ്സ് തിയേറ്റർ

- ലക്ഷ്യപ്രസ്താവനകൾ -

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

- - പാഠ പുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായ് അവതരിപ്പിക്കുന്നു.

- - ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

- _പ്രവർത്തന ഘട്ടങ്ങൾ. - - SRG യിൽ ആശയം പങ്കിടൽ (ജൂൺ)

- _CPTA യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ (ജൂൺ മൂന്നാം വാരം)

- _ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല ( ജൂലൈ )

- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരെഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു ( ജൂലൈ -മാർച്ച് )

- മികച്ചത് ബാലസഭയിൽ ( എല്ലാമാസവും)

- ഭാഷോത്സവത്തിൽ മികച്ചത് അവതരണം (ഫെബ്രുവരി )

- ചുമതല -ക്ലാസ് ടീച്ചർ.

- സാമ്പത്തികം -BRC RS ( 1000 )

## 8 നാട്ടുവിശേഷം കൂട്ടെഴുത്ത്

- ലക്ഷ്യപ്രസ്താവനകൾ -

- പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.

- _ പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു

-പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

- .- പ്രവർത്തന ഘട്ടങ്ങൾ.

- SRG യിൽ അ വ ത ര ണം (ജൂൺ) പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പ് എന്നിവ SRG യിൽ ആസൂത്രണം ചെയ്യുന്നു (ജൂൺ)

- PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.(ജൂലൈ )

- പാഠ ഭാഗത്തിനനുയോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം ( ജൂലൈ to മാർച്ച്)

ചുമതല : ക്ലാസ് ടീച്ചർ , CPTA , SRG

സാമ്പത്തികം : CPTA , BRC ( RS : 1000 )

## 9 - ക്ലാസ് പത്രം

- ലക്ഷ്യപ്രസ്താവനകൾ

- ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു

- രചനാശേഷി പരിപോഷിപ്പിക്കുന്നു -

- വ്യത്യസ്ത പഠത തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.

- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.

- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു

- പ്രവർത്തന ഘട്ടങ്ങൾ

- - ക്ലാസ് പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും SRG യിൽ അവതരിപ്പിക്കുന്നു ( ജൂലൈ അവസാനം)

- CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു ( ജൂലൈ അവസാനം)

- കണ്ടെത്തലുകളുടെ അവതരണം ( ജൂലൈ - മാർച്ച്)

- കൂട്ടെഴുത്ത് നടക്കുന്നു ജൂലൈ :- മാർച്ച്)

- പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ, മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി) ചുമതല -ക്ലാസ് ടീച്ചർ - സാമ്പത്തികം - PTA (RS :1000)

## 10 - രചനോത്സവം

- ലക്ഷ്യപ്രസ്താവനകൾ

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.

- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- __ പ്രവർത്തന ഘട്ടങ്ങൾ;

- SRG യിൽ അംഗീകാരം വാങ്ങുന്നു.c ജൂൺ രണ്ടാം വാരം

- CPTA യിൽ പിന്തുണ ഉറപ്പാക്കുന്നു ( ജൂൺ 3-ാം വാരം

- പ്രതിമാസ രചനോത്സവം ജൂലൈ to ഫെബ്രുവരി)

- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ(സെപ്റ്റംബർ, ഡിസംബർ 1 മാർച്ച് )

- വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ() മാർച്ച്)

ചുമതല : ക്ലാസ്സ്ടീച്ചർ , CPTA

സാമ്പത്തികം : CPTA , BRC ( RS : 2000)

## 11 വായനോത്സവം

### ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.

കുട്ടികളിൽ വായനാശീലം വളർത്തുന്നു

ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

വായനാ കുറിപ്പ് തയ്യാറാക്കുന്നു

### പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ ആദ്യവാരം)

CPTA യിൽ ചർച്ച ചെയ്യുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു.

(ജൂലൈ ആദ്യവാരം)

ഓരോ മാസവും വായനോത്സവം നടത്തുന്നു.

അമ്മ വായന ജൂലൈ മാർച്ച്)

മാതൃകാ വായന അധ്യാപകർ (ജൂലൈ - മാർച്ച്)

### ചുമതലകൾ

ക്ലാസ് ടീച്ചർ

രക്ഷിതാവ്

### സാമ്പത്തികം

CPTA , BRC (RS : 5000 )

## 12 - ഭാഷോത്സവം

**ലക്ഷ്യപ്രസ്താവനകൾ**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

- കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു.

- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു

- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

**- പ്രവർത്തന ഘട്ടങ്ങൾ**

-ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.

- PTA യിൽ പിന്തുണ ഉറപ്പാക്കുന്നു.

- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു

- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു

- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.

- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

ചുമതല : ക്ലാസ്സ് ടീച്ചർ , CPTA , BRC

സാമ്പത്തികം : SRG , CPTA ( RS : 3000 )

## 13 ഗണിത കേളികൾ

### ലക്ഷ്യപ്രസ്താവനകൾ

കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു

ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു

യുക്തിബോധം വളർത്തുന്നു.

### പ്രവർത്തനങ്ങൾ

വ്യത്യസ്തമായ LO ക്ക് അനുയോജ്യമായ ഗണിതകളികളിൽ ഏർപ്പെടുന്നു.

കൂട്ടുകാരെ കണ്ടെത്താം.(സങ്കലനം)

ഡൊമിനോ കളികൾ (വ്യവകലനം)

ബോൾ കളി (ഗുണനം)

കാലാവധി - ജൂൺ - മാർച്ച്

### ചുമതലകൾ

ക്ലാസ് ടീച്ചർ

SRG

### സാമ്പത്തികം

CPTA ,

SSK ( RS : 2000 )

## 14 ഗണിത കിറ്റ്

### ലക്ഷ്യപ്രസ്താവനകൾ

ELPS മുഖേനെ ഗണിത ശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്

ഗണിതം ആസ്വാദ്യകരമാക്കുന്നതിന്

### പ്രവർത്തനങ്ങൾ

10ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, സോഡാ കുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു.

കാലയളവ് - ജൂൺ - മാർച്ച്

### ചുമതലകൾ

ടീച്ചർ

രക്ഷിതാവ്

### സാമ്പത്തികം

PTA

SSK ( RS : 3000 )

## 15 പരീക്ഷണങ്ങൾ

### ലക്ഷ്യപ്രസ്താവനകൾ

ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു

അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.

വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു

യുക്തിചിന്ത വളർത്തുന്നു

### പ്രവർത്തനങ്ങൾ

പാഠ ഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യുകയുംചെയ്യുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

### ചുമതലകൾ

ക്ലാസ് ടീച്ചർ

CPTA

### സാമ്പത്തികം

SSK

PTA

( RS : 5000 )

## 16 ലഘു പ്രോജക്ട്

### ലക്ഷ്യപ്രസ്താവനകൾ

കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തിചിന്തയും വളർത്തുക

### പ്രവർത്തനങ്ങൾ

കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാകുന്നു.

നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

### ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

PTA

### സാമ്പത്തികം

PTA

SSK

(1000)

## 17 പരീക്ഷണക്കിറ്റ്

**ലക്ഷ്യപ്രസ്താവനകൾ**

എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വന്തമായിചെയ്യുന്നതിന്

- വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.

- ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം വളർത്തുക

**പ്രവർത്തനങ്ങൾ**

എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു.

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായപരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

**ചുമതലകൾ**

ക്ലാസ്ടീച്ചർ

SRG

PTA

**സാമ്പത്തികം** : CPTA , SSK

( RS : 2000 )

## 18 രക്ഷിതാക്കൾക്ക് ശില്പശാല

### ലക്ഷ്യപ്രസ്താവന

പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക.

പാഠ ഭാഗങ്ങളും പാഠ വസ്തുതകളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

### പ്രവർത്തനങ്ങൾ

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി, സചിത്ര പുസ്തം ഗണിത കിറ്റ്, ശാസ്ത്ര കിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു.

കാലയളവ്

ജൂലൈ

ഒക്ടോബർ

ജനുവരി

### ചുമതലകൾ

SRG

HM

ക്ലാസ്ടീച്ചർ

### സാമ്പത്തികം

SSK

PTA

(8000)

## 19 വിജയ സ്പർശം

### ലക്ഷ്യ പ്രസ്താവനകൾ

എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.

നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക

### പ്രവർത്തനങ്ങൾ

സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈത്താങ്ങ് നൽകുക.

വർക്ക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.

കളിരീതിയിൽ കൂടിയുള്ള പഠനത്തിന് മുൻതൂക്കം നൽകുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

### ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

### സാമ്പത്തികം

PTA

SSK

(5000)

## 20 പാനീയമേള

### ലക്ഷ്യപ്രസ്താവനകൾ

ആഹാരം ആരോഗ്യത്തിന് എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട്

കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വാങ്ങുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനീകരണമാണെന്ന് തിരിച്ചറിയുന്നതിന്

- ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്.

### -പ്രവർത്തനങ്ങൾ

- SRG യുടെയും CPTA യുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള സംഘടിപ്പിക്കുന്നു

### ചുമതലകൾ

ക്ലാസ് ടീച്ചർ

HM

**സാമ്പത്തികം** CPTA ( RS : 1000 )

## 21 ഭക്ഷ്യമേള

ലക്ഷ്യപ്രസ്താവനകൾ

- പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

ചുമതലകൾ : CPTA .ക്ലാസ്സ് ടീച്ചർ

സാമ്പത്തികം : ( RS : 1000 )

## 22 പലഹാരമേള

ലക്ഷ്യപ്രസ്താവനകൾ

പല തരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്

- അവ ഉണ്ടാക്കുന്ന വിധം മനസ്സിലാകുന്നതിന്

- ലഘു പാചക കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

-പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാര മേള സംഘടിപ്പിക്കുന്നു

ചുമതലകൾ : CPTA .ക്ലാസ്സ് ടീച്ചർ

സാമ്പത്തികം : ( RS : 1000 )

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന<br>മലയാളം തെറ്റുകൂടാതെയും ആശയസ്പഷ്ടതയോടെയും അനായാസമായി വായിക്കുവാൻ | ക്വിസ് ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി.ടി.എ |
| | → ക്ലാസ് ലൈബ്രറി വിതരണം | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | സി.പി.ടി.എ |
| | → ക്ലാസ് ലൈബ്രറി ഉണ്ടാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | → വായന ദിനാചരണം വായനാക്കുറിപ്പ് സിപിടിഎയിൽ അവതരിപ്പിക്കൽ | ജൂൺ 20 മുതൽ | സി.പി.ടി.എ | ഇല്ല |
| | → വായനാ കാർഡുകൾ നൽകൽ | ജൂൺ – ജൂലൈ | അധ്യാപകൻ | സി.പി.ടി.എ |
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ തിരിച്ചറിയാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- ആശയം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി വികസിക്കൽ, വിവിധ രചനാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി വികസിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ - 5 പരിസ്ഥിതിദിനം പോസ്റ്റർ<br>ജൂൺ - 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് - 9 നാഗസാക്കി ദിനം പോസ്റ്റർ | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി.പി.ടി.എ |

| | | | | |
|---|---|---|---|---|
| | ആഗസ്റ്റ്-15 സ്വാതന്ത്ര്യദിനം.<br>സെപ്റ്റംബർ 5 അധ്യാപകദിനം.<br>പഴയ കാല അധ്യാപകരുമായി അഭിമുഖം.<br>ഒക്ടോബർ-2 ഗാന്ധിജയന്തി<br>കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ-10 ദേശീയ തപാൽദിനം<br>കൂട്ടുകാരനൊരു കത്ത്<br>നവംബർ-1 കേരള പിറവി<br>പ്രസംഗം<br>നവംബർ -14 ശിശുദിനം<br>കുറിപ്പ് തയ്യാറാക്കൽ | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക പ്രവർത്തനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ സമാഹരിക്കൽ<br>വേദി- സി.പി.ടി.എ | ജനുവരി മാർച്ച് | സിബിന | ഉണ്ട്. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നിവയെ കുറിച്ചുള്ള ധാരണ നൽകുന്നു. | പേപ്പർ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി.ടി.എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, വൃത്തം, ത്രികോണം എന്നിവ നിർമ്മിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ സി.പി.ടി.എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാട്ടുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാട്ടുകൾ (ഗണിത ക്ലബ്ബ്) | ആഗസ്റ്റ് | അധ്യാപകൻ കുട്ടികൾ | സി.പി.ടി.എ |
| എല്ലാ കുട്ടികളിലും സംഖ്യാ ബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ കുട്ടികൾ | ഇല്ല. |
| സങ്കലന-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • ഉദാ: കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ-നവംബർ | അധ്യാപകൻ കുട്ടികൾ | ഇല്ല. |

| | | | | |
|---|---|---|---|---|
| പുരാതന വസ്തുക്കൾ ശേഖരണം | • മൺ, ശംഖുകൾ<br>• മഞ്ചാടിക്കുരു | ഡിസംബർ - ജനുവരി | അധ്യാപകർ കുട്ടികൾ പി.ടി.എ | ഉണ്ട് |
| ഹരിത ക്ലബ്ബുമായി ബന്ധപ്പെട്ട ശേഖ- രങ്ങൾ നടത്തൽ | • നിന്നുള്ള വിഭവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• പെരിസിറ്റി വിഭവങ്ങൾ ഉപ യോഗിച്ച് | ജനുവരി മാർച്ച് | അധ്യാപകർ കുട്ടികൾ | ഉണ്ട്. |
| | | | | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം. | സസ്യങ്ങളെ തിരിച്ചറിയൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം) | ജൂൺ - ജൂലൈ | അധ്യാപകർ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ തയ്യാറാക്കുന്നു.<br>• മഴക്കുഴി നിർമ്മാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മ സേനക്ക് കൈമാറൽ | ആഗസ്റ്റ് സെപ്തംബർ<br>ജനു - മാർച്ച് | അധ്യാപകർ<br>പിടിഎ ഹരിതകർമ്മ സേന | പിടിഎ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ പരിശീലനം<br>• പോസ്റ്റർ നിർമ്മാണം<br>ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്തംബർ - ഒക്ടോബർ | അധ്യാപകർ കുട്ടികൾ | പിടിഎ<br>ഇല്ല. |

# English

| AIMS | ACTIVITIES | DURATION | CHARGE | ECONOMICS SOURCE |
|---|---|---|---|---|
| To study alphabets | • Pre test<br>• write simple words | June-July | Teacher | PTA |
| To study write and read simple words | Circle the word from TB and read | August - September | Teacher | Nil |
| Create more opportunities for english speaking in the classroom | classroom communication should be in english, like may I drinks some water? may I go to bathroom?<br>• Hello<br>• Hello everyone<br>• good morning<br>• good morning every one<br>• good morning class<br>• good afternoon everyone<br>• How are you | Academic year | Teacher<br>Students<br>Parents | Nil |

- How are you all?
- How are you today?
- Let me take attendance etc.

# മലയാളം

* മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | ക്ലാസ് ടീച്ചർ<br>SRG | PTA ഫണ്ട് |

* വായിക്കാം വളരാം.

| | | | | |
|---|---|---|---|---|
| വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം<br>വായനാക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>പുസ്തക സംവാദം<br>അനുകാലിക വായന. | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |

| | | | | |
|---|---|---|---|---|
| * രുചിച്ചറിയാം | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ രുചിച്ചറിയാം | ഭക്ഷ്യമേള, പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ. | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ<br>PTA | |
| * ഓർക്കാം... അറിയാം സാഹിത്യകാരന്മാരെ | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തക പരിചയം, ക്വിസ്, ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ<br>CPTA | |
| * കലക്കൂട്ട് | | | | |
| പാരമ്പര്യമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് ലഭ്യമാക്കാം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| * എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗത്തിൽ നിന്നും പഠനപ്രവർത്തനത്തിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG ക്ലാസ് ടീച്ചർ | PTA |
| * എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| * കണ്ടറിയാം... കേട്ടറിയാം.. | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICD | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |

* സർഗോത്സവം

| | | | | |
|---|---|---|---|---|
| അധ്യാപനത്തി ന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മ വിശ്വാസ ത്തോടെ അവ തരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷി കളുടെ പ്രദർശനം | വർഷത്തി ലൊരിക്കൽ | SRG<br>HM<br>CPTA<br>Class Teacher | PTA |

# ഗണിതം

കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നാട്ടുകളികൾ (കോട്ടിയും പുള്ളും, ഡയസ് കളി) സങ്കലനം- വ്യവകലനം കച്ചവടക്കളി | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം. | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - വലംശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമാണ പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതക്കിറ്റ് ഒരുക്കൽ പഠനം സുതാര്യമാക്കൽ | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ SRG | PTA |
| ഗണിതച്ചുമർ | | | | |
| ഗണിത ആശയങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |

ഗണിത പഠനോപകരണ ശില്പശാല

| | | | | |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ SRG | PTA |

ഗണിതമേള

| | | | | |
|---|---|---|---|---|
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠനോൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG ക്ലാസ് ടീച്ചർ | PTA |

പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| - നിരീക്ഷണം<br>- അറിവു നിർമ്മാണം | പ്രാദേശിക/ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>ഇൻസ്റ്റിറ്റ്യൂഷൻ<br>CPTA | PTA |

ശാസ്ത്രമേള

| | | | | |
| --- | --- | --- | --- | --- |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണം സംഘടിപ്പിക്കൽ | അധ്യയന വർഷവും | HM<br>SRG<br>Class Teacher | PTA<br>SSA |

ശാസ്ത്രയാത്ര

| | | | | |
| --- | --- | --- | --- | --- |
| ശാസ്ത്രപഠനത്തിൽ താത്പര്യം ജനിപ്പിക്കൽ -<br>അന്വേഷണത്വര വളർത്തൽ | - വാനനിരീക്ഷണ കേന്ദ്രം<br>- സയൻസ് പാർക്ക്<br>- ശാസ്ത്രമേഖലകൾ പ്രദർശനങ്ങൾ<br>- ഫോക് ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | SRG<br>HM<br>CPTA<br>Class Teacher | PTA<br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| ഭൂപടമൊരുക്കാം.<br>ലോകം - ഇന്ത്യ ഭൂപട വായന- സൂചിക പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചിക നിർമ്മാണം | വർഷത്തിലൊന്ന് | SRG ക്ലാസ്ടീച്ചർ | PTA |
| ശാസ്ത്ര വിസ്മയച്ചുവർ<br>ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ. ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ്ടീച്ചർ | PTA |
| ശാസ്ത്രോത്സവം:<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പരീക്ഷണം, ചാർട്ട്, ആൽബം പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>Class Teacher | PTA |
| ശാസ്ത്രമാസിക<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികളുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ | Class Teacher | PTA |

## English

ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി എഴുതിപ്പിക്കുക. | ആഴ്ചയിൽ 3 ദിവസം | ക്ലാസ് ടീച്ചർ | |

ഇംഗ്ലീഷ് തിയേറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകവും വചനശേഷി വികസനം | ഇംഗ്ലീഷ് പാഠഭാഗങ്ങൾ വിവിധ രൂപങ്ങളാക്കി അവതരിപ്പിക്കൽ Skit, Drama, Conversation, Story Telling | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |